## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1036** **10.08.2017-ൽ മറുപടിക്ക്**

**ലോകബാങ്ക് വായ്പകൾ ലഭിക്കുന്നതിലെ തടസ്സം മറികടക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, കെ.മുരളീധരൻ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, എ.പി. അനിൽ കുമാർ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ലോകബാങ്ക് ഉന്നതനെതിരെ പൊതുമരാമത്ത് വകുപ്പ് മന്ത്രി പരാമർശം നടത്തിയതിനാലും ലോകബാങ്കിന്റെ വായ്പ ആവശ്യമില്ലായെന്നും കെ.എസ്.റ്റി.പി. പദ്ധതികളിൽ അടിമുടി അഴിമതിയാണെന്നും പ്രസ്താവന നടത്തിയത് മൂലവും ലോകബാങ്ക് വായ്പകൾ ലഭിക്കുന്നതിൽ തടസ്സം ഉണ്ടായിട്ടുണ്ടോ; | (എ) വകുപ്പ് മന്ത്രി ഇത്തരത്തിൽ പരാമർശം നടത്തിയതായോ അതുമൂലം വായ്പകൾക്ക് തടസ്സം ഉണ്ടാകുമെന്നോ ഉള്ള കാര്യം ലോകബാങ്ക്, കെ.എസ്.ടി.പി.യേയോ സർക്കാരിനേയോ അറിയിച്ചിട്ടില്ല. ലോകബാങ്കിന്റെ വായ്പ വേണ്ടെന്നു പറഞ്ഞിട്ടില്ല. വായ്പ തിരിച്ചടക്കുന്നതാണെന്നാണ് പറഞ്ഞത്. പദ്ധതിയിൽ വലിയ ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ട്. |
| (ബി) കെ.എസ്.റ്റി.പി പദ്ധതികൾക്കുള്ള വായ്പകൾക്ക് പുറമെ സംസ്ഥാനം അപേക്ഷിക്കാനിരിക്കുന്ന മറ്റ് പദ്ധതികൾക്കും വായ്പ നൽകുന്നത് പുനഃപരിഗണിക്കേണ്ടിവരുമെന്ന കെ.എസ്.റ്റി.പി. തീരുമാനം മൂലം സംജാതമായ സ്ഥിതിവിശേഷം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ലോകബാങ്ക് പ്രതിനിധികളെ നേരിൽ കണ്ട് പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിക്കുമോ; | (ബി) ഇത്തരത്തിലൊരു തീരുമാനം കെ.എസ്.ടി.പി. എടുത്തിട്ടില്ല. ആരും അറിയിച്ചിട്ടും ഇല്ല. |
| (സി) പദ്ധതി നടത്തിപ്പിലെ വീഴ്ചകൾ ലോകബാങ്ക് അധികൃതരെ യഥാസമയം രേഖാമൂലം അറിയിച്ചിരുന്നോ; എങ്കിൽ അവരിൽ നിന്നും ലഭിച്ച പ്രതികരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) പണികൾ തുടങ്ങാനുള്ള പ്രാരംഭ പ്രവർത്തനങ്ങളും (മെഷീനറികൾ, ക്രഷറുകൾ എന്നിവ സ്ഥാപിക്കുക, തൊഴിലാളികളെ താമസിപ്പിക്കുവാനുള്ള സൗകര്യമൊരുക്കൽ, പരിസ്ഥിതി അനുവാദങ്ങൾ വാങ്ങിക്കുക എന്നിവ) ആദ്യ ഘട്ടത്തിൽ നേരിട്ട പ്രതികൂല കാലാവസ്ഥയും, യൂട്ടിലിറ്റി സർവ്വീസ് വകുപ്പുകളെ ഏകോപിപ്പിക്കുന്ന പ്രവർത്തനത്തിൽ നേരിട്ട കാലതാമസവും, മറ്റു |

കാരണം പണികൾക്ക് താമസമുണ്ടായി. എന്നാൽ ഇപ്പോൾ പണികൾ ഏകദേശം പൂർത്തീകരിക്കുന്ന ഘട്ടത്തിലാണ്. ഫണ്ടിംഗ് ഏജൻസിയായ ലോകബാങ്ക് പ്രവൃത്തികൾ നിശ്ചിത സമയത്ത് തന്നെ പൂർത്തീകരിക്കണമെന്നും ധനവിനിയോഗം, ഗുണനിലവാരം, സുരക്ഷ, പരിസ്ഥിതി, തൊഴിലാളികളുടെ ക്ഷേമം, സ്ഥലമെടുപ്പ് തുടങ്ങിയവ മെച്ചപ്പെടുത്തുന്നതു സംബന്ധിച്ചും നിർദ്ദേശം നൽകിയിട്ടുണ്ട്. ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ കെ.എസ്.റ്റി.പി പദ്ധതിയിൽ ഏറ്റെടുത്ത് നടത്തുന്ന റോഡ് വികസന പദ്ധതികൾ ഇൻഡ്യൻ റോഡ് കോൺഗ്രസ്സ് നിർദ്ദേശിക്കുന്ന മാനദണ്ഡപ്രകാരവും MORTH SPECIFICATION അനുസരിച്ചുമാണ് ഡിസൈൻ ചെയ്ത് നടപ്പിലാക്കേണ്ടത്.

ലോകബാങ്കിന്റെ നിബന്ധന പ്രകാരം ഈ പദ്ധതികൾ സൂപ്പർവൈസ് ചെയ്യുന്നത് അന്താരാഷ്ട്രതലത്തിൽ ടെണ്ടർ ക്ഷണിച്ച തിരഞ്ഞെടുത്ത കൺസൾട്ടന്റിനെ ഉപയോഗിച്ചാണ്. റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന പ്രധാന നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം ലാബുകളിൽ ഉറപ്പു വരുത്തിയതിനുശേഷമാണ് പ്രവൃത്തികളിൽ ഉപയോഗിക്കുന്നത്. നിർമ്മാണ സാമഗ്രികൾ ഖനനം ചെയ്തെടുക്കുന്ന സ്ഥലത്തും പണിയിൽ ഉപയോഗിക്കുമ്പോഴും അതിനു ശേഷവും ഗുണനിലവാരം പരിശോധിക്കാറുണ്ട്. ഇതിനായി പ്രത്യേക ലബോറട്ടറികൾ എല്ലാ പ്രവൃത്തികളിലും കരാറുകാരൻ തന്നെ സ്ഥാപിച്ച് ആവശ്യമായ എല്ലാ ഗുണനിലവാര പരിശോധനയും നടത്താറുണ്ട്. ഈ പരിശോധന കൺസൾട്ടന്റ് എൻജിനീയർ സൂപ്പർവൈസ് ചെയ്യുന്നുണ്ട്. ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പൂർത്തിയായ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിച്ച് വിലയിരുത്തുന്നതിനും പ്രാഗൽഭ്യം നേടിയ സ്വതന്ത്ര ഏജൻസിയെക്കൊണ്ട്

ടെക്നിക്കൽ ഓഡിറ്റ് നടത്തുന്നതിന് ദർഘാസ് നടപടികൾ പുരോഗമിച്ചു വരുന്നു. 6 മാസത്തിൽ ഒരിക്കൽ ലോകബാങ്കിന്റെ പ്രതിനിധികൾ പദ്ധതി നടക്കുന്ന റോഡുകൾ സന്ദർശിക്കുകയും, നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്.

പദ്ധതികൾ എല്ലാംതന്നെ 2018-ൽ പൂർത്തീകരിക്കത്തക്ക രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്.

സംസ്ഥാന പൊതുമരാമത്ത് വകുപ്പ് നേരിട്ട് നടത്തുന്ന പദ്ധതിയല്ല കെ.എസ്.ടി.പി. ലോകബാങ്ക് മാനദണ്ഡങ്ങളാണ് പിന്തുടരുന്നത്. അതിൽ പൊതുമരാമത്ത് വകുപ്പ് മാന്വലും പരിഗണിക്കുന്നുണ്ട്. കഴിഞ്ഞ 2012-ലാണ് കെ.എസ്.ടി.പി Phase-II തുടങ്ങിയത്. കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് പാറ പൊട്ടിക്കലിലെ ഭീമമായ ക്രമക്കേട് പൊൻകുന്നം - തൊടുപുഴ റോഡിൽ ഉണ്ടായത്. തിരുവല്ല ബൈപ്പാസിന്റെ ഡി.പി.ആർ-ലെ ഭീമമായ ക്രമക്കേടുണ്ടായതും കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്. ഇക്കാര്യം പൊതുമരാമത്ത് വകുപ്പ് മന്ത്രി നാലുതവണ ലോകബാങ്ക് ടീം ലീഡറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ചർച്ചയിലാണ് ശ്രദ്ധയിൽപ്പെടുത്തിയത്. സമഗ്രമായ അന്വേഷണം ലോകബാങ്ക് തന്നെ നടത്തണമെന്നാണ് സർക്കാരിന്റെ അഭിപ്രായം. എങ്കിലും പണികളൊന്നും നിർത്തുന്നില്ല. പദ്ധതി മുന്നോട്ട് പോകും.

S. Brijesh

സെക്ഷൻ ഓഫീസർ